"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - എറണാകുളം സംഗീത സൊസൈറ്റി മാനേജ്മെൻറ് കോർപ്പറേറ്റ് എയ്ഡഡ് സ്കൂൾസ്, സംഗീത അഗ്രി-ഇൻഡസ്ട്രിയൽ സോഷ്യൽ വെൽഫെയർ ആൻഡ് എഡ്യൂക്കേഷണൽ സൊസൈറ്റി കോർപ്പറേറ്റ് മാനേജർ ഫയൽ ചെയ്ത WP(C)No. 5285/2024-മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 12.02.2024 തീയതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.4337/2025/GEDN തീയതി,തിരുവനന്തപുരം, 30-06-2025

---

പരാമർശം:-

1. എറണാകുളം സംഗീത സൊസൈറ്റി മാനേജ്മെൻറ് കോർപ്പറേറ്റ് എയ്ഡഡ് സ്കൂൾസ്, സംഗീത അഗ്രി-ഇൻഡസ്ട്രിയൽ സോഷ്യൽ വെൽഫെയർ ആൻഡ് എഡ്യൂക്കേഷണൽ സൊസൈറ്റി കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർ പ്പിച്ച 06/02/2023 തീയതിയിലെ പുന പരിശോധനാ ഹർജി(Ext.P5).

2. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 5285/2024 മേലുള്ള 12.02.2024 തീയതി വിധിന്യായം.

3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 23/05/2024 തീയതിയിലെ ജി1/8120/2024/ഡിജിഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം സംഗീത സൊസൈറ്റി മാനേജ്മെൻറ് കോർപ്പറേറ്റ് എയ്ഡഡ് സ്കൂൾസ്, സംഗീത അഗ്രി-ഇൻഡസ്ട്രിയൽ സോഷ്യൽ വെൽഫെയർ ആൻഡ് എഡ്യൂക്കേഷണൽ സൊസൈറ്റി കോർപ്പറേറ്റ് മാനേജർ ഫയൽ ചെയ്ത WP(C)No. 5285/2024-മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരൻ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 (Ext.P5) പുന പരിശോധനാ ഹർജി ഹർജിക്കാരനെയും മറ്റുള്ളവരെയും കേട്ട് തീർപ്പാക്കാൻ ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം ഹർജിക്കാരനെയും ബന്ധപ്പെട്ട കക്ഷികളെയും 23.05.2024 ൽ ഗൂഗിൾ മീറ്റ് മുഖാന്തിരം നേരിൽ കേട്ടു.

2. ഹർജിക്കാരനായ കോർപ്പറേറ്റ് മാനേജറുടെ അപേക്ഷ ഇപ്രകാരമാണ് :

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13/01/2023-ലെ G1/12174/2022/DGE ഉത്തരവിൽ മാനേജരുടെ പുനഃക്രമീകരണം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ

അടിസ്ഥാനത്തിൽ അംഗീകരിക്കുകയോ അംഗീകാരം നൽകാതിരിക്കുകയോ ചെയ്യുക മാത്രമായിരുന്നു പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ചട്ട പ്രകാരം ഉള്ള ചുമതല. എന്നാൽ മേൽപ്പറഞ്ഞ പുനകമീകരണം റദ്ദാക്കുന്നു എന്ന് രേഖപ്പെടുത്തിയത് നിയമപരമായി തെറ്റാണ്. സാങ്കേതികമായി അംഗീകരിക്കാതിരിക്കുന്നത് ഒരേ ഫലം ഉളവാക്കുമെങ്കിലും മാനേജരുടെ ഉത്തരവ് റദ്ദാക്കുവാനുള്ള നിയമപരമായ അധികാരം ഡയറക്ടർക്ക് വിദ്യാഭ്യാസ നിയമത്തിൽ കാണുന്നില്ല. ടി ഉത്തരവ് അദ്ദേഹത്തിന്റെ കിഴിലുള്ള ഒരു അധികാരി അംഗീകരിച്ചിരുന്നു എങ്കിൽ ആ അധികാരിയുടെ ഉത്തരവ് പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു റദ്ദാക്കാമായിരുന്നു. അല്ലാതെ ഈ പുന:ക്രമീകരണ ഉത്തരവ് റദ്ദാക്കുവാനുള്ള അധികാരം കോടതികളിലുള്ള റിട്ട് അധികാരത്തിൽ മാത്രമേ ഉള്ളുവെന്നാണ് പരിശോധിച്ചതിൽ നിന്നും എനിക്ക് കണ്ടെത്താൻ കഴിഞ്ഞുള്ളൂ.

മാനേജരുടെ ഉത്തരവ് ഒരു അധികാരി അംഗീകരിച്ചതിനുശേഷം മാത്രമേ അത് നിലവിൽ വരൂ. അപ്രകാരം ഒരു അധികാരി അംഗീകരിക്കാത്ത ഉത്തരവ് നിലവിൽ ഇല്ല നിലവില്ലാത്ത ഉത്തരവ് റദ്ദാക്കുന്നത് ക്രമപ്രകാരം അല്ല. മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടറെ സമീപിച്ചത് മാനേജരുടെ ഉത്തരവ് അംഗീകരിക്കുവാൻ ആണ്. നിയമപ്രകാരം ആ ഉത്തരവ് അംഗീകരിക്കാനോ അംഗീകരിക്കാതിരിക്കാനോ ഡയറക്ടർക്ക് അധികാരമുണ്ട്. ആയത് പരിഗണിക്കാതെ മാനേജരുടെ നടപടിക്രമം റദ്ദാക്കി എന്നാണ് ഡയറക്ടർ ഉത്തരവായത്. നിലവില്ലാത്ത ഒരു ഉത്തരവ് റദ്ദാക്കുന്നത് ശരിയല്ല. ആകയാൽ ഡയറക്ടറുടെ ഉത്തരവിൽ മാനേജരുടെ നടപടിക്രമം അംഗീകരിക്കുന്നില്ല എന്നാക്കി ഭേദഗതി ചെയ്തു ഉത്തരവാക്കണമെന്ന് നിർദേശം നൽകി ഈ അപ്പീൽ അംഗീകരിച്ച ഉത്തരവ് ഉണ്ടാകണം എന്ന് അപേക്ഷിക്കുന്നു.

3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ് :

സംഗീത സൊസൈറ്റി കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള അച്ചനാംകോട് സെന്റ് മേരീസ് എൽ.പി.എസ്.ലെ LPST ശ്രീമതി.സുകന്യ എം. ഫയൽ ചെയ്ത WPC.No.17217/2021, അച്ചനാംകോട് സെന്റ് മേരീസ് എൽ.പി.എസ്.ലെ LPST ശ്രീ.അജിത് പി.എസ്. ഫയൽ ചെയ്ത WPC.No.24464/2021 എന്നിവയിന്മേൽ ബഹ:ഹൈക്കോടതി 01.08.2022 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പാക്കി ഈ കാര്യാലയത്തിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സംഗീത സൊസൈറ്റി മാനേജ്മന്റിന്റെ കീഴിൽ രാമശ്ശേരി എ.എൽ.പി.എസ്., കൊല്ലംകോട് ടി.എ.എൽ.പി.എസ്., അച്ചനാംകോട് സെൻറ്റ് മേരീസ് എൽ.പി.എസ്. എന്നീ 3 സ്കൂളുകൾ ഉണ്ട്. ഇതിൽ രാമശ്ശേരി എ.എൽ.പി.എസ്.ൽ തസ്തികനിർണ്ണയ ഉത്തരവ് പ്രകാരം 3 LPST തസ്തികകൾ കുറവ് വന്നതിനാൽ, മാനേജർ 16.09.2019 തീയതിയിൽ അച്ചനാംകോട് സെന്റ് മേരീസ് എൽ.പി.എസ്.ലെ നിയമനാംഗീകാരമുള്ള LPST ശ്രീമതി.സുകന്യ എം.നെ സേവനത്തിൽ നിന്നും നീക്കം ചെയ്യുകയും പ്രസ്തുത ഒഴിവിൽ രാമശ്ശേരി എ.എൽ.പി.എസ്.ലെ ശ്രീ.ജോസ് കുട്ടി എം.എ.യെ ക്രമീകരിക്കുകയും ചെയ്തു. കൂടാതെ, മാനേജരുടെ ഇതേ ഉത്തരവ് പ്രകാരം, നിയമനാംഗീകാരമില്ലാതെ കൊല്ലംകോട് ടി.എ.എൽ.പി.എസ്.ൽ ജോലി നോക്കിയിരുന്ന ശ്രീമതി.സൗമ്യ മോൾ സി.യെയും അച്ചനാംകോട് സെൻറ്റ് മേരീസ് എൽ.പി.എസ്.ൽ നിയമനാംഗീകാരമില്ലാതെ ജോലി നോക്കിയിരുന്ന ശ്രീ.അജിത് പി.എസ്.നെയും സേവനത്തിൽ നിന്നും നീക്കം ചെയ്യുകയും ഇവരുടെ ഒഴിവിൽ രാമശ്ശേരി എ.എൽ.പി.എസ്.ലെ യഥാക്രമം ശ്രീമതി.റീന വി.എം., ശ്രീമതി.ബീന ജി. എന്നിവരെ ക്രമീകരിക്കുകയും ചെയ്തു. ശ്രീ. ജോസ് കുട്ടി എം.എ.യെ അച്ചനാംകോട് സെൻറ്റ് മേരീസ് എൽ.പി.എസ്.ലെ HTV ഒഴിവിൽ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ പുനർവിന്യസിച്ചിരുന്നു. ഇപ്രകാരം, ജോലി ചെയ്തു വരവേയാണ് മാനേജർ മേൽ പരാമർശിച്ച പ്രകാരം ക്രമീകരണം

നടത്തിയത്. ശ്രീമതി. സുകന്യ എം. അച്ചനാംകോട് സെൻറ്റ് മേരീസ് എൽ.പി.എസ്.ൽ 22.09.2016 മുതൽ നിയമന അംഗീകാരത്തോടെ സേവനത്തിൽ തുടർന്ന് വന്നിരുന്നു. ഇപ്രകാരം ജോലി ചെയ്തു വരവേയാണ് മാനേജറുടെ ഉത്തരവ് പ്രകാരം 23.09.2019 മുതൽ ടിയാരിയെ സർവീസിൽ നിന്നും നീക്കം ചെയ്തതും ശമ്പളം ലഭിക്കാത്ത സാഹചര്യം സംജാതമായതും. ഈ സാഹചര്യത്തിലാണ് ഹർജിക്കാർ ബഹു. കോടതിയെ സമീപിച്ചത്.

ശ്രീമതി.സുകന്യ എം. അച്ചനാംകോട് സെൻ്റ് മേരീസ് എൽ.പി.എസ്.ൽ 22.09.2016 മുതൽ നിയമന അംഗീകാരത്തോടെ സേവനത്തിൽ തുടർന്ന് വന്നിരുന്നു എന്നും മാനേജറുടെ 16.09.2019-ലെ ഉത്തരവ് പ്രകാരം 23.09.2019 മുതൽ ടിയാരിയെ സർവീസിൽ നിന്നും നീക്കം ചെയ്തുവെങ്കിലും 03.11.2021-ൽ PSC നിയമനം ലഭിക്കുന്നത് വരെയും ടി സ്കൂളിൽ തന്നെ ടിയാരി ജോലി ചെയ്തു എന്നും കൊല്ലംകോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഈ കാര്യാലയത്തിൽ അറിയിച്ചിരുന്നു. കൂടാതെ, 2019-20-ലെ തസ്തിക നിർണ്ണയത്തിൽ ശ്രീമതി. സുകന്യ എം.ന് ഉൾക്കൊള്ളാവുന്നത് ഉൾപ്പെടെ 11 തസ്തികകൾ അനുവദിച്ചിട്ടുണ്ട് എന്നും കൊല്ലംകോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു.

ചിറ്റൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ റിപ്പോർട്ട് പ്രകാരം, ടി മാനേജ്മന്റിന്റെ കീഴിലുള്ള രാമശ്ശേരി എ.എൽ.പി.എസ്., കൊല്ലംകോട് ടി.എ.എൽ.പി.എസ്., അച്ചനാംകോട് സെൻ്റ് മേരീസ് എൽ.പി.എസ്. എന്നീ 3 സ്കൂളുകൾ ഉൾപ്പെട്ട മാനേജ്മെന്റിന്റെ ഭരണഘടന പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ അംഗീകരിച്ചിട്ടുണ്ട് എന്നും, എന്നാൽ ടി മൂന്ന് സ്കൂളുകളിലെയും അധ്യാപകരെ ഉൾപ്പെടുത്തി ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച സംയുക്ത സീനിയോറിറ്റി ലിസ്റ്റ് സമർപ്പിച്ചിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തിരുന്നു.

ഈ കാര്യാലയത്തിൽ നിന്നും ഉത്തരവ് നമ്പർ ജി1/12174/2022/ഡി.ജി.ഇ തീയതി 13-01-2023 പുറപ്പെടുവിച്ച സമയത്ത് ടി മാനേജ്മന്റിന്റെ കീഴിലുള്ള രാമശ്ശേരി എ.എൽ.പി.എസ്., കൊല്ലംകോട് ടി.എ.എൽ.പി.എസ്., അച്ചനാംകോട് സെൻ്റ് മേരീസ് എൽ.പി.എസ്. എന്നീ 3 സ്കൂളുകൾ ഉൾപ്പെട്ട മാനേജ്മെന്റിന് കോർപ്പറേറ്റ് മാനേജർ പദവി ലഭിച്ചിട്ടില്ലാത്തതും ടി മൂന്ന് സ്കൂളുകളിലെയും അധ്യാപകരെ ഉൾപ്പെടുത്തിയുള്ള സംയുക്ത സീനിയോറിറ്റി ലിസ്റ്റിനു അംഗീകാരം ലഭിച്ചിട്ടില്ലാത്തതും ആണ്. ടി സാഹചര്യത്തിലാണ് 16.09.2019 തീയതിയിലെ മാനേജരുടെ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും സംയുക്ത സീനിയോറിറ്റി ലിസ്റ്റിന് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അധ്യാപകരുടെ ക്രമീകരണം നടത്തുന്നതിന് നിർദേശം നൽകിക്കൊണ്ടും ഈ കാര്യാലയത്തിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചത് .

ഈ കാര്യാലയത്തിലെ ഉത്തരവ് പ്രകാരം, സംഗീത സൊസൈറ്റി മാനേജരുടെ ഉത്തരവ് റദ്ദ് ചെയ്ത നടപടി ഒഴിവാക്കണം എന്നാണ് മാനേജർ ഫയൽ ചെയ്ത WPC No. 5285/2024-ലെ ആവശ്യം. നിലവിൽ ടി മാനേജർക്ക് കോർപ്പറേറ്റ് മാനേജർഷിപ്പ് ലഭിച്ചിട്ടുണ്ട്. എന്നാൽ 14.06.2021-ൽ മാത്രമാണ് സെൻ്റ് മേരീസ് എ.എൽ.പി.എസ് ഉൾപ്പെടുന്ന സ്കൂളുകളുടെ കോർപ്പറേറ്റ് മാനേജർഷിപ്പ് ലഭിച്ചത് എന്നും സംയുക്ത സീനിയോറിറ്റി ലിസ്റ്റ് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ഉത്തരവ് നം. DEOPKD/209/2023 തീയതി 18.01.2024 പ്രകാരം നിരസിച്ച് നൽകിയിട്ടുണ്ട് എന്നും റിപ്പോർട്ട് ചെയ്യുന്നു.

4. സർക്കാർ ഇക്കാര്യം ഹർജിക്കാരന്റെ വാദങ്ങളും സമർപ്പിച്ച രേഖകളും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും വെളിച്ചത്തിൽ വിശദമായി പരിശോധിച്ചു. അധ്യാപകരെ പുന:ക്രമീകരിച്ചു കൊണ്ടുള്ള മാനേജരുടെ 16.09.2019 തീയതിയിലെ ഉത്തരവ് പൊതുവിദ്യാഭ്യാസ ഡയറക്ടർ റദ്ദ് ചെയ്ത

നടപടിക്രമത്തിൽ മാനേജരുടെ ഉത്തരവ് അംഗീകരിക്കുന്നില്ല എന്ന് ഭേദഗതി വരുത്തണമെന്നതാണ് ഹർജിക്കാരന്റെ ആവശ്യം.

രാമശ്ശേരി എ.എൽ.പി.എസ്.ൽ തസ്തിക നിർണയ ഉത്തരവ് പ്രകാരം 3 LPST തസ്തികകൾ കുറവ് വന്നപ്പോൾ മാനേജർ 16.09.2019-ലെ 31/19 നം. ഉത്തരവ് പ്രകാരം അച്ചനാംകോട് സെൻറ് മേരീസ് എൽപിഎസ്.ലെ LPST ശ്രീമതി സുകന്യ എം.നെ സർവീസിൽ നിന്നും നീക്കം ചെയ്തു. പ്രസ്തുത ഒഴിവിൽ രാമശ്ശേരി എ.എൽ.പി.എസ്.ലെ ജോസ് കുട്ടി എം.എ.യെ ക്രമീകരിച്ചു. അച്ചനാംകോട് സെൻറ് മേരീസ് എൽപിഎസ്.ലെ HTV ഒഴിവിൽ ടിയാനെ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ പുനർവിന്യസിച്ച് ജോലി ചെയ്തു വരവേയാണ് മാനേജർ പുന:ക്രമീകരണം നടത്തിയത്. കൂടാതെ, നിയമനാംഗീകാരമില്ലാതെ ജോലി നോക്കിയിരുന്ന ശ്രീമതി. സൗമ്യ മോൾ സി.യെ കൊല്ലംകോട് ടി.എ.എൽ.പി.എസ്.ൽ നിന്നും, ശ്രീ അജിത്ത് പി.എസ്.നെ അച്ചനാംകോട് സെൻറ് മേരീസ് എൽ.പി.എസ്.ൽ നിന്നും നീക്കം ചെയ്തു. ടി ഒഴിവുകളിൽ രാമശ്ശേരി എഎൽപിഎസ്,ലെ ശ്രീമതി.റീന വി.എം., ശ്രീമതി. ബീന ജി. എന്നിവരെ ക്രമീകരിച്ചു. തുടർന്ന് ശ്രീമതി.സുകന്യയും ശ്രീ.അജിത്ത് പിഎസ്.ഉം WP(C)No. 17217/2021, WP(C)No. 24464/2021 ഫയൽ ചെയ്യുകയും 01.08.2022-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ 13.01.2023 തീയതിയിലെ ഉത്തരവ് നമ്പർ.ജി1/12174/2022/DGE പ്രകാരം മാനേജരുടെ 16.09.2019 തീയതിയിലെ ഉത്തരവ് നമ്പർ. 31/19 റദ്ദ് ചെയ്യുകയും ചെയ്തു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൽ മാനേജരുടെ ഉത്തരവ് "റദ്ദ് ചെയ്തു" എന്നതിന് പകരം "അംഗീകരിക്കുന്നില്ല" എന്ന് ഭേദഗതി വരുത്തണമെന്ന ആവശ്യവുമായാണ് മാനേജർ WP(C)No. 5285/2024 ഫയൽ ചെയ്തിട്ടുള്ളത്. മാനേജരുടെ പുന:ക്രമീകരണ ഉത്തരവ് റദ്ദ് ചെയ്യുവാൻ അധികാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ഇല്ലെന്നും, ഈ അധികാരം കോടതികളിലുള്ള റിട്ട് അധികാരത്തിൽ മാത്രമേയുള്ളൂവെന്നും മാനേജർ വാദിക്കുന്നു.

മേൽ സാഹചര്യത്തിൽ, ഒരു എഡ്യൂക്കേഷണൽ ഏജൻസിക്ക് ഒന്നിൽ കൂടുതൽ റവന്യൂ ജില്ലയിൽ സ്കൂളുകൾ ഉള്ളപക്ഷം അവയെയെല്ലാം ഒരു യൂണിറ്റായി കണക്കാക്കേണ്ടതും ഒരു പൊതു സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ് എന്ന് **Kerala Education Rules Chapter XIV A Rule 35** ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ അപ്രകാരം സമർപ്പിക്കുന്ന പൊതു സീനിയോറിറ്റി ലിസ്റ്റ് അംഗീകരിയ്ക്കുന്നതിനും അപാകത ഉള്ള പക്ഷം നിരസിക്കുന്നതിനും പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് ടി ചട്ടം പ്രകാരം അധികാരം ഉണ്ടായിരിക്കും. ആയതിനാൽ മാനേജരുടെ **16.09.2019**-ലെ പുനഃക്രമീകരണ ഉത്തരവ് റദ്ദ് ചെയ്ത് പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച **13.01.2023** തീയതിയിലെ ജി**1/12174/2022/DGE** നമ്പർ ഉത്തരവ് ക്രമപ്രകാരമായതിനാൽ ആയത് റദ്ദാക്കണമെന്ന ഹർജിക്കാരന്റെ പരാമർശം **1** പുന പരിശോധനാ ഹർജിയിലെ(**EXT P5**) ആവശ്യം പരിഗണനാർഹമല്ലാത്തിനാൽ ആയത് നിരസിച്ചും പൊതു സീനിയോറിറ്റി ലിസ്റ്റ് അംഗീകരിക്കപ്പെട്ടതിനുശേഷം പുനഃക്രമീകരണം നടത്തുന്നതിന് മാനേജർക്ക് നിർദേശം നൽകിയും അപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം **2** വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
കോർപ്പറേറ്റ് മാനേജർ, സംഗീത സൊസൈറ്റി മാനേജ്മെൻറ് കോർപ്പറേറ്റ് എയ്ഡഡ് സ്കൂൾസ്, സംഗീത അഗ്രി-ഇൻഡസ്ട്രിയൽ സോഷ്യൽ വെൽഫെയർ ആൻഡ് എഡ്യൂക്കേഷണൽ സൊസൈറ്റി, പാലമറ്റം. പി. ഒ, കോതമംഗലം, എറണാകുളം
പ്രഥമാദ്ധ്യാപകൻ, സെൻ്റ് മേരീസ് ലോവർ പ്രൈമറി സ്കൂൾ, അചനാംകോട്, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
ശ്രീമതി. സുകന്യ. എം, ലോവർ പ്രൈമറി സ്കൂൾ അദ്ധ്യാപിക, സെൻ്റ് മേരീസ് ലോവർ പ്രൈമറി സ്കൂൾ, അചനാംകോട്, പാലക്കാട്.
ശ്രീമതി. സൗമ്യമോൾ. സി, ലോവർ പ്രൈമറി സ്കൂൾ അദ്ധ്യാപിക, സെൻ്റ് മേരീസ് ലോവർ പ്രൈമറി സ്കൂൾ, അചനാംകോട്, പാലക്കാട്.
ശ്രീ. അജിത്ത്. പി എസ്സ്, ലോവർ പ്രൈമറി സ്കൂൾ അദ്ധ്യാപകൻ, സെൻ്റ് മേരീസ് ലോവർ പ്രൈമറി സ്കൂൾ, അചനാംകോട്, പാലക്കാട്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Shahnakumari S L
Date: 01-07-2025 10:41:07
സെക്ഷൻ ഓഫീസർ